# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1034 05.03.2020 -ൽ മറുപടിക്ക്**

**കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.കെ.ശശീന്ദ്രൻ | : | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാക്കവയൽ-കൊളവയൽ -കാര്യമ്പാടി റോഡിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; ഈ പ്രവൃത്തിക്ക് എന്ന് ഭരണാനുമതി നൽകാനാകുമെന്ന് അറിയിക്കാമോ; | (എ) | പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ നിന്നും 07.09.2019 തീയതിയിലെ PWD 15-18/APR-2/2019/KIIFB ഉത്തരവ് പ്രകാരം 28.47 കോടി രൂപയുടെ അനുമതി ലഭ്യമാകുകയും അത് പ്രകാരം എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി തയ്യാറാക്കിയിട്ടുമുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കൽപ്പറ്റ-വാരാമ്പറ്റ റോഡിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിയിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് എത്ര രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് 1,37,10,000/- രൂപയുടെയും കെ.എസ്.ഇ.ബി.യിൽ നിന്ന് 91,46,841/- രൂപയുടെയും എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. |
| (സി) | ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ; പ്രസ്തുത തുക എന്ന് അനുവദിക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട തുക 28/02/2020 ന് അനുവദിച്ചിട്ടുണ്ട്.<br>കെ.എസ്.ഇ.ബി.ക്ക് ഉള്ള തുക അനുവദിച്ചിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമായ ഉടൻ തന്നെ തുക അനുവദിച്ചു കിട്ടുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ |

എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നതിനേക്കാൾ തുക യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വേണ്ടിവരുന്നതിനുള്ള കാരണം കിഫ്ബി ആവശ്യപ്പെട്ടിരിക്കുന്നു. തുക വർദ്ധിച്ചതിന്റെ കാരണം കിഫ്ബിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. കിഫ്ബിയുടെ നടപടിക്രമങ്ങളുടെ ഭാഗമായ കാലതാമസമാണ് ഇപ്പോൾ ഉള്ളത്. പ്രസ്തുത തുക ലഭ്യമാക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

Hemalatha

**സെക്ഷൻ ഓഫീസർ**